"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 2023-24 സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെ തൊഴിൽ എടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് പ്രത്യേക പാരിതോഷികം/ഉത്സവബത്തയായി 1000 രൂപ വീതം അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1662/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.2898/2017/ത.സ്വ.ഭ.വ തീയതി 23.08.2017
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 10.06.2024ലെ NREGA/816/202/A-4 നമ്പർ കത്ത്
3. സ.ഉ.(സാധാ)നം.6875/2024/ധന തീയതി 09.09.2024

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ മുൻസാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാതെ തൊഴിലെടുത്ത കുടുംബങ്ങൾക്ക് ഓണത്തോടനുബന്ധിച്ച് 2017 മുതൽ പ്രത്യേക പാരിതോഷികം/ഉത്സവബത്ത അനുവദിച്ച് വരുന്നുണ്ട്. സമാനമായ ആനുകൂല്യം നടപ്പ് വർഷവും അനുവദിക്കണമെന്ന് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷം 5,69,108 കുടുംബങ്ങൾ 100-ൽ കുറയാത്ത തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും മിഷൻ ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ 2023-24 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 100-ൽ കുറയാത്ത തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ എല്ലാ കുടുംബങ്ങൾക്കും ഓണത്തോടനുബന്ധിച്ച് 1000/- രൂപ (ആയിരം രൂപ മാത്രം) വീതം ഉത്സവ ബത്ത/പ്രത്യേക പാരിതോഷികമായി അനുവദിച്ച് ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക പരാമർശം (3) ഉത്തരവ് പ്രകാരം 2505-02-101-99-04-Additional State Assistance for Disbursement of Festival Allowance(PV) എന്ന ശീർഷകത്തിൽ അധിക ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ 56,91,08,000/ രൂപയിൽ നിന്നും ചെലവഴിക്കേണ്ടതാണ്. പ്രസ്തുത ആനുകൂല്യത്തിന് അർഹരായി കണ്ടെത്തപ്പെടുന്ന കുടുംബങ്ങൾ, 2023-24 സാമ്പത്തിക വർഷം നൂറോ അതിൽ കൂടുതലോ തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് പദ്ധതിയുടെ MIS രേഖകൾ അടിസ്ഥാനമാക്കി മിഷൻ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

3. പരാമർശം (3) ഉത്തരവ് പ്രകാരം അധിക ധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക

സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥന മുഖേന ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ (DDO) സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ജില്ലാ കലക്ടർമാർക്കും
എല്ലാ MGNREGS ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർക്കും
ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ് വിംഗ്) വകുപ്പ്(ഡവ -2/202/2024-ധന(2886751) തീയതി 09.09.24
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 10-09-2024 12:47:38
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്